# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏഴിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം(പി12)1585/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 14/11/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഇ കെ എം(പി12)1585/2024 തീയ്യതി: 14/11/2024

## എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തിയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷേർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2024 | 28-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തിയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2024 | 28-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ പ്രവീൺ ഷേണായി , ഓഡിറ്റ് ഓഫീസർ

ശ്രീ സിജു പി ഡാംസൺ, ഓഡിറ്റ് ഓഫീസർ

ശ്രീ സജീവ് എൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ വാലന്റിൻ കെ ഗിൽബർട്ട്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തിയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.ഡി.വിൻസെന്റ് | പ്രസിഡന്റ് | 01-04-2023 | 22-08-2023 |
| ഒഴിവ് | പ്രസിഡന്റ് | 23-08-2023 | 23-08-2023 |
| ശ്രീമതി പി പത്മകുമാരി (വൈസ് പ്രസിഡണ്ട് -ഇൻ ചാർജ്ജ്) | പ്രസിഡന്റ് | 24-08-2023 | 17-09-2023 |

| | | | |
|---|---|---|---|
| ശ്രീ എം എസ് രതീഷ് | പ്രസിഡന്റ് | 18-09-2023 | 31-03-2024 |
| ശ്രീമതി മീന മാത്യു പി | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയശ്രീ പി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി മോഹന.ടി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 10-07-2023 |
| ശ്രീമതി മഞ്ജുഷ പി എച്ച് | അസിസ്റ്റന്റ് എഞ്ചിനിയർ | 11-07-2023 | 31-03-2024 |
| ഡോ.ബി.പ്രീതി | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2023 | 17-06-2023 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 18-06-2023 | 18-06-2023 |
| ഡോ മനോജ് എസ് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 19-06-2023 | 03-07-2023 |
| ഡോ വിനോദ് പൗലോസ് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 04-07-2023 | 31-03-2024 |
| ഡോ സുനിതാ ജോർജ്ജ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീമതി സരിത മോഹൻ | കൃഷി ഓഫീസർ | 01-04-2023 | 07-12-2023 |
| ശ്രീമതി സജിറ സി ചാത്തോത്ത് | കൃഷി ഓഫീസർ | 08-12-2023 | 31-03-2024 |
| ശ്രീമതി റൂബി ആർ നായർ | ഹെഡ് മിസ്ട്രസ്,GLPS,നന്ത്യാട്ട് കുന്നം | 01-04-2023 | 07-06-2023 |
| ഒഴിവ് | ഹെഡ് മിസ്ട്രസ്,GLPS,നന്ത്യാട്ട് കുന്നം | 08-06-2023 | 13-06-2023 |
| ശ്രീമതി സുമതി സി എസ് | ഹെഡ് മിസ്ട്രസ്,GLPS,നന്ത്യാട്ട് കുന്നം | 14-06-2023 | 31-03-2024 |
| ശ്രീമതി സുജ ദേവൻ വി | സബ് ഇൻസ്പെക്ടർ,ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീ സുനിൽ കുമാർ എം ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 30-06-2023 |
| ശ്രീമതി മെരിമ ജോസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-07-2023 | 31-03-2024 |
| ശ്രീമതി ലിജി.കെ.വി. | വി.ഇ.ഒ ഏഴിക്കര സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ ജയൻ കെ എൻ | വി.ഇ.ഒ കോട്ടുവള്ളി സർക്കിൾ | 01-04-2023 | 31-03-2024 |
| ഡോ.സൗമ്യ രമേഷ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.രമ്യ പി രവീന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2023 | 17-08-2023 |
| ഡോ ജൂനി ചാണ്ടി | വെറ്ററിനറി സർജൻ | 18-08-2023 | 31-12-2023 |
| ഡോ നസിയ റഹമാൻ | വെറ്ററിനറി സർജൻ | 01-01-2024 | 31-03-2024 |
| ശ്രീമതി അംബിക വി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | റിക്കൺസിലേഷൻ സ്റ്റേറ്റ് മെന്റ്-ബാങ്ക് നേരിട്ട് ₹6,523/-ഡെബിറ്റ് ചെയ്തിരിക്കുന്നു. | 1-1-3 |
| 5 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-4 |
| 6 | ചെലവിന്റെ ആവശ്യകത വ്യക്തമല്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം. | 1-5 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മാലിന്യസംസ്കരണം- ഹരിതകർമ്മസേനയിലൂടെ | 1-10 |
| 16 | രസീത് പരിശോധന അപാകതകൾ | 1-11 |
| 17 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് ആവശ്യകത | 1-12 |
| 18 | ലൈസൻസ് ഫീ -അപാകതകൾ | 1-13 |
| 19 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അപാകതകൾ | 1-14 |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്, ₹70515 തടസ്സപ്പെടുത്തുന്നു | 1-15 |
| 21 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി.പി)-അപാകത ₹15000 തടസ്സപ്പെടുത്തുന്നു | 1-16 |
| 22 | ഇ ടെണ്ടർ ഫീ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട്- ഇനം വ്യക്തമല്ലാത്ത തുക തിരിച്ചടയ്ക്കണം- ഇ ടെണ്ടർ കണക്കുകൾ കൃത്യമാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തണം. | 1-17 |
| 23 | കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക നല്കുന്നതിന് പകരം പ്രോജക്ട് ഭേദഗതി ചെയ്യാതെ തനത് ഫണ്ടിൽ നിന്നും തുക നല്കി | 1-18 |
| 24 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - ന്യൂനത | 1-19 |
| 25 | വെള്ളക്കരം-കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നു | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2024 ലെ 1(1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.05.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എഴിക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u> അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏഴിക്കര ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം :** കാക്കനാട്
**തീയതി: 14.11.2024**

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപ്പത്രിക പ്രകാരമുള്ള വസ്തുനികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-3 റിക്കൺസിലേഷൻ സ്റ്റേറ്റ് മെന്റ്-ബാങ്ക് നേരിട്ട് ₹6,523/-ഡെബിറ്റ് ചെയ്തിരിക്കുന്നു.

ധനകാര്യപത്രികയിലെ വിവിധ അക്കൗണ്ടുകളുടെ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ സ്റ്റേറ്റ് ബാങ്ക്

ഓഫ് ഇന്ത്യ-അക്കൗണ്ട് നമ്പർ-37033651871 ന്റെ പാസ്സ്ബുക്ക് പ്രകാരം ₹34585/-ഉം ബാങ്ക് ബുക്ക് പ്രകാരം ₹41108/-ഉം കാണുന്നു. ആയതിന്റെ സ്പ്ലിറ്റപ്പ് പരിശോധിച്ചതിൽ ₹6,523/- ബാങ്ക് ഡയറക്റ്റിലി ഡെബിറ്റഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പരിശോധിച്ച് ബാങ്ക് ചാർജ്ജ് ഇനത്തിലുള്ള തുകയാണോയെന്ന് വ്യക്തത വരുത്തേണ്ടതാണ്.

### 1-1-4 ആസ്തി രജിസ്റ്ററിലെ അപാകതകൾ

എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികൾ വഴി 2023-24 സാമ്പത്തിക വർഷം സൃഷ്ടിച്ച ആസ്തികൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

### 1-1-5 ചെലവിന്റെ ആവശ്യകത വ്യക്തമല്ല

290800101 ഹെഡിൽ പ്രയർപിരീഡ് ചെലവ് എന്ന ഇനത്തിൽ 21-03-2024 തീയതിയിൽ ₹32803/- ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ചെലവിന്റെ ആവശ്യകത നരേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 29.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 08.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് (₹) | പുതുക്കിയ ബജറ്റ് (₹) |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെ വരവ് | 22,61,28,124 | 21,56,80,465 |
| ചെലവ് | 20,03,78,800 | 21,40,05,955 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹58,46,014.70 |
| വരവ് | ₹3,90,15,444.00 |
| ആകെ | ₹4,48,61,458.70 |
| ചെലവ് | ₹3,28,61,555.00 |
| നീക്കിയിരിപ്പ് | ₹1,19,99,903.70 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 1,18,81,000(കുറ്റുക ടിഎസ്പി ഫണ്ടിലേയ്ക്ക് ക്രമീകരിച്ചത് 4230)=1,18,76,770 | 1,18,76,770 | 1,10,49,254 | 8,27,516 | |
| വികസനഫണ്ട്-എസ്.സി.പി. | 0 | 93,09,000 | 93,09,000 | 79,02,553 | 14,06,447 | |
| വികസനഫണ്ട്-ടി.എസ്.പി | 0 | 80,000(കൂട്ടുക ജനറൽ ഫണ്ടിൽ നിന്നും ക്രമീകരിച്ചത് 4,230)=84,230 | 84,230 | 69,550 | 14,680 | |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 38,26,000 | 38,26,000 | 31,77,838 | 6,48,162 | |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 23,82,600 | 23,82,600 | 13,93,922 | 9,88,678 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 12,81,431 | 14,75,500 | 27,56,931 | 13,73,673* | - | 13,83,258 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 2,17,951 | 19,67,000 + 53,034 പലിശ =20,20,034 | 22,37,985 | 17,04,166* | - | 5,33,819 |
| എം പി യുടെ പ്രാദേശിക | 14,154 | 0 | 14,154 | 0 | - | 14,154 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-320100130 | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം-320100196 | 33 | 13,27,837 | 13,27,870 | 12,00,000 | - | 1,27,870 |
| സമ്പൂർണ്ണശുചിത്വം-320100181 | 87,469 | 5,057 (920 രൂപ പലിശ ഉൾപ്പെടെ) | 94,526 | 5,057 | - | 87,469 |
| ഗ്രാമീണഭവനം-320100160 | 13,70,000 | 25,01,955 (1955രൂപ പലിശ ഉൾപ്പെടെ) | 38,71,955 | 24,61,955 | - | 14,10,000 |
| സാക്ഷരത-320100197 | 1,221 | 8,991 | 10,212 | 8,991 | - | 1,221 |
| ശുചിത്വ മിഷൻ – സ്വച്ഛ ഭാരത് അഭിയാൻ-320100198 | 17,185 | 21,00,000 | 21,17,185 | 21,00,000 | - | 17,185 |
| ഐഎച്ച്സിഡിപി- -320100122 | 1,18,804 | 3,301(പലിശ) | 1,22,105 | 88 | - | 1,22,017 |
| സാനിറ്റേഷൻ -320300103 | 1,23,139 | 3,610(പലിശ) | 1,26,749 | 0 | – | 1,26,749 |
| ഭിന്നശേഷിക്കാർക്കുള്ള ദേശീയ പരിപാടി-320100145 | | 4,10,150 | 4,10,150 | 9,150 | – | 4,01,000 |
| മറ്റ് സ്കീമുകൾ -320100152 | 5,434 | 0 | 5,434 | 0 | – | 5,434 |
| സർവ്വശിക്ഷാ അഭിയാൻ-320100162 | 5,344 | 149(പലിശ) | 5,493 | 0 | – | 5,493 |
| വിമുക്തി- 320100190 | 10,500 | 0 | 10,500 | 0 | – | 10,500 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാന്റ് -320100192 | 0 | 1,00,000 | 1,00,000 | 0 | - | 1,00,000 |
| കേരളോത്സവം ഗ്രാന്റ് – 320100199 | 787 | 0 | 787 | 0 | - | 787 |
| പ്രത്യേകോദ്ദേശ്യഗ്രാന്റ്-പിഎച്ച്സികൾക്ക് അടിസ്ഥാന സൗകര്യ വികസനം -320100202 | 2,77,002 | 7,77,817 | 10,54,819 | 4,03,414 | - | 6,51,407 |
| പ്രത്യേകോദ്ദേശ്യഗ്രാന്റ്-പിഎച്ച്സി കൾ ആരോഗ്യ വെൽനെസ്സ് സെന്ററുകളാക്കി മാറ്റുന്നതിനുള്ള ഗ്രാന്റ് -320100204 | 5,763 | 3,32,934 (4572 രൂപ പലിശ ഉൾപ്പെടെ) | 3,38,697 | 4,352 | - | 3,34,345 |
| ആയുർവേദം-ഐഎസിയിൽ നിന്നും സി എസ് ആർ ഫണ്ട്-320200207 | 0 | 15,00,000 | 15,00,000 | 0 | - | 15,00,000 |
| 320300199-ചലഞ്ച് ഫണ്ട് | 0 | 13,33,333 | 13,33,333 | 13,33,333 | – | 0 |

* പദ്ധതി ചെലവുകൾ നിരീക്ഷിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറായ സുലേഖയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും രേഖപ്പെടുത്തിയിരിക്കുന്ന ചെലവും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ചെലവും തമ്മിൽ വ്യത്യാസമുണ്ട്.

| | ചെലവ് |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 13,73,673 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 17,04,166 |
| വാർഷികകണക്ക് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ആകെ ചെലവ് | 30,77,839 |
| ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലുള്ള ചെലവായി ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ പത്രികയിൽ രേഖപ്പെടുത്തിയ ആകെ ചെലവ് | 40,44,172 |
| വ്യത്യാസം | 9,66,333 |

വ്യത്യാസത്തിന് കാരണം

| | |
|---|---|
| മുൻവർഷം കൂടുതലായി ചെലവ് രേഖപ്പെടുത്തിയതിനാൽ തൻവർഷം വാർഷികകണക്കിൽ കറവ് ബുക്ക് ചെയ്ത ചെലവ് (ബാങ്ക് മുന്നിരിപ്പ് – ടൈഡ് അൺടൈഡ് ഗ്രാന്റ് ബാധ്യത തുകകളുടെ മുന്നിരിപ്പിലെ വ്യത്യാസം) | 8614 |

| | |
|---|---|
| തനത് ഫണ്ടിൽ നിന്നും ചെക്ക് നല്കിയത് തെറ്റായി ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലുള്ള ചെലവായി ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ പത്രികയിൽ രേഖപ്പെടുത്തിയത്. (ഖണ്ഡിക 1-18 ലെ പട്ടിക കാണുക) | 9,43,285 |
| പ്രോജക്റ്റ് നമ്പർ 83 പുത്തൻതോട് പുനരുദ്ധാരണം ആദ്യം ചെലവ് ബുക്ക് ചെയ്ത് പിന്നീട് റദ്ദാക്കി. പിന്നീട് പാർട്ട് പേയ്മെന്റ് മാത്രം നല്കിയെങ്കിലും സുലേഖ പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും മുഴുവൻ ചെലവ് ബുക്ക് ചെയ്തിനാൽ വ്യത്യാസം (വാർഷികകണക്കിൽ ചെലവ് കറവായി ബുക്ക് ചെയ്ത തുക)<br>വൗച്ചർ<br>42300958 തീയതി 26/03/2024– 1,38,198 രൂപ<br>വൗച്ചർ -റദ്ദാക്കിയത്<br>42301001 തീയതി 31/3/24 -1,38,198 രൂപ<br>വൗച്ചർ -പാർട്ട് പേയ്മെന്റ്<br>42301002- തീയതി 31/3/24 -1,23,749 രൂപ | 14,449 |
| ബാങ്ക് ചാർജ്ജ് കറവ് ചെയ്തത് വാർഷികകണക്കിൽ ചെലവ് രേഖപ്പെടുത്തിയത്. എന്നാൽ സുലേഖ, ഗ്രാന്റ് പത്രിക എന്നിവയിൽ പ്രതിഫലിക്കാത്തത് | -15 |
| വ്യത്യാസം | 9,66,333 |

(ഓഡിറ്റ് എൻക്വയറി നം.15 തീയതി 28-10-24, മറുപടി ലഭിച്ചിട്ടില്ല).

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 8,71,81,615 | 90 | 4,03,75,219 | 37 | 5 | 68.18% |

പൂർത്തീകരിക്കാത്ത പദ്ധതികൾ അടുത്ത വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 530 | 8,76,491 | 8,77,021 | 8,77,021 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 2,24,55,308 | 2,24,55,308 | 2,24,55,308 | 0 |
| ആകെ | 530 | 2,33,31,799 | 2,33,32,329 | 2,33,32,329 | 0 |

## 1-7 ക്ഷേമപദ്ധതികൾ .

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | ₹34,13,800 | 300 |
| വിധവാ പെൻഷൻ | ₹76,29,700 | 717 |
| വാർദ്ധക്യകാല പെൻഷൻ | ₹1,77,24,300 | 1948 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | ₹24,61,000 | 228 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | ₹8,32,400 | 75 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | ₹60,000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2024 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1036/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം താരതമ്യേന കറവാണ്. എന്നാൽ തനതു വരുമാനം

വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കാര്യമായി കൈക്കൊള്ളുന്നില്ല. നികുതി വരുമാനങ്ങളുടെ പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

2) വെള്ളക്കരയിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാൻ കുടിശ്ശികയായി കാണുന്നു. ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുവാനും, കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കുവാനും സമയോചിതമായ നടപടികൾ കൈക്കൊണ്ടിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്തപ്പെടുന്നില്ല.

4) എല്ലാ ജേണൽ എൻട്രികൾക്കും അതിനെ സാധൂകരിക്കുന്ന വൗച്ചറുകൾ, നടപടിക്രമങ്ങൾ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മാലിന്യസംസ്കരണം- ഹരിതകർമ്മസേനയിലൂടെ

ഏഴിക്കര ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2021-22 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

### അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ പറവൂർ ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട ഏഴിക്കര ഗ്രാമപഞ്ചായത്തിന് 15.27 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 14 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 18019 (സെൻസസ് 2011) ആണ്. ആൾതാമസമുള്ള 5208 വീടുകളും 265 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 14 വാർഡുകളിലായി ആകെ 26 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ട് വരുന്നു. ഹരിതകർമ്മ സേന എല്ലാ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുന്നുണ്ടെങ്കിലും 3513 വീടുകൾ മാത്രമാണ് സഹകരിക്കുന്നത്. 265 സ്ഥാപനങ്ങളും യൂസർഫീ നല്കുന്നുണ്ട്. (മാർച്ച് 2024 ലെ കണക്ക്). എന്നാൽ 7, 10, 12 എന്നീ വാർഡുകളിൽ ചില മാസങ്ങളിൽ 100 % കളക്ഷൻ നേടിയിട്ടുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്.

### മാലിന്യശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| എല്ലാ തരത്തിലുമുള്ള പ്ലാസ്റ്റിക് കവറുകൾ, പേപ്പർ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കുപ്പികൾ | ജനുവരി മുതൽ ഡിസംബർ വരെ എല്ലാ മാസവും |
| ചില്ല്,കണ്ണാടി, കുപ്പി, | ഫെബ്രുവരി, മെയ്, ആഗസ്റ്റ്, നവംബർ |
| ഇ-മാലിന്യം, ട്യൂബ്, സിഎഫ്എൽ, ബൾബ്, മരുന്ന് സ്ട്രിപ്പുകൾ | മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ |
| പഴയ ചെരുപ്പ്, ബാഗ്, തെർമോക്കോൾ | ഏപ്രിൽ, ജൂലൈ, ഒക്ടോബർ |

മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭയിലും നോട്ടീസ് വഴി അറിയിക്കുന്നു. വീടുകളിൽ നിന്ന് പ്രതിമാസം 50/- രൂപയും സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയുമാണ് യൂസർഫീ ഇനത്തിൽ പിരിച്ച് വരുന്നത്. യൂസർ ഫീ പിരിക്കുന്നതിനും അടവാക്കുന്നതിനും ഹരിതമിത്രം ആപ്പ് ഉപയോഗിച്ച് വരുന്നു. മാലിന്യ ശേഖരണം മോണിറ്റർ ചെയ്യുന്നതിന് സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പാക്കുകയും സിഡിഎസ് വഴി വായ്പ അനുവദിച്ച് ഹരിതകർമസേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കിയിട്ടുണ്ട്. സേവനങ്ങൾക്ക് യൂസർ ഫീ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ഈയിനത്തിൽ തൽവർഷം 18,87,720/- രൂപ പിരിച്ചെടുത്തിട്ടുണ്ട്.

### മാലിന്യവേർതിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ മിക്സഡ് പ്ലാസ്റ്റിക്, റിജക്റ്റ് എന്നിവയായി 100% വേർതിരിച്ച് ക്രമീകരിച്ചാണ് എത്തിക്കുന്നത്.

### റീസൈക്ലിംഗ്

ഹരിത കർമ്മസേന മുഖേന നിർദ്ദേശങ്ങൾ നൽകുന്നതുൾപ്പെടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. കല്യാണമണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവടങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ പാതയോരങ്ങളിലും

പൊതു ഇടങ്ങളിലും ബോട്ടിൽ ബൂത്ത്, ബിന്നുകൾ എന്നിവ സ്ഥാപിച്ചിട്ടില്ല.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ഹരിത സഭ, കുട്ടികളുടെ ഹരിത സഭ, വാർഡ് തലത്തിലുള്ള ക്ലസ്റ്റർ യോഗങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ സംസ്കരണ മേഖലയിൽ 180 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹18,87,720 വരവ് വന്നിട്ടുണ്ട്. ഹരിത കർമ്മസേനയിലെ ഓരോ അംഗവും ശേഖരിക്കുന്ന യൂസർ ഫീ-യുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. ഇപ്രകാരം 26 ഹരിതകർമ്മ സേനാംഗങ്ങൾക്ക് ശരാശരി ₹7700 പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. തൻവർഷം ഹരിത കർമസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടി വന്നിട്ടില്ല. യൂസർ ഫീ കുടിശ്ശിക വരുത്തിയവർക്കെതിരെ നോട്ടീസ് അയക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ സേവനങ്ങൾക്ക് യൂസർ ഫീ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനായി നിയോഗിച്ച സ്ക്വാഡുകൾ ബോധവത്കരണം നടത്തുന്നുണ്ട്. ഗ്രാമസഭകളിലും മറ്റ് പരിപാടികളിലും ഈ വിഷയം പൊതു ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നുമുണ്ട്.

അടിസ്ഥാന സൗകര്യ വികസനം

ഹരിതകർമസേനയ്ക്ക് സ്വന്തമായി വാഹനം ഇല്ല. വാഹനം ഇല്ലെങ്കിലും ഒരു അംഗത്തിന് കുടുംബശ്രീ മുഖേന ഡ്രൈവിംഗ് പരിശീലനം നല്കി വരുന്നു. മാലിന്യ നീക്കത്തിനായി വാടകയ്ക്കെടുത്തിട്ടുള്ള ആപ്പേ ഗുഡ്സ് വാഹനത്തിന്റെ വാടക ഹരിതകർമസേന വഹിക്കുന്നു.വാഹനം സ്വന്തമായി വാങ്ങുന്നതിന് പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ട്. മാലിന്യ നീക്കത്തിനായി 14 ട്രോളികൾ ഉണ്ട്. എംഎസിഎഫിനോട് അനുബന്ധിച്ച് ഓഫീസ് സൗകര്യം ഉണ്ട്. പുതുതായി മിനി എംസിഎഫ്കൾ സ്ഥാപിച്ചിട്ടുണ്ട്. ബോട്ടിൽ ബൂത്ത്, നിരീക്ഷണ ക്യാമറ,സോർട്ടിംഗ് ടേബിൾ എന്നിവ സ്ഥാപിക്കുന്നതിനായി പ്രോജക്റ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ട്. പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിയുന്നത് സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. നിയമ ലംഘനങ്ങൾ കണ്ടെത്തിയ 6 കേസുകളിൽ നിന്നായി 15,500 രൂപ പിഴ ചുമത്തി ഈടാക്കിയിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംബന്ധിച്ച പരിശീലനം നല്കിയിട്ടുണ്ട്. കൂടാതെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കുടുബശ്രീ ജില്ലാ മിഷൻ, ക്ലീൻകേരള കമ്പനി ലിമിറ്റഡ് എന്നിവ വഴിയും പരിശീലനം നല്കിയിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ഭൂരിഭാഗം ഭവനങ്ങളും സ്ഥാപനങ്ങളും നിലവിലും ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണ പ്രവർത്തനവുമായി സഹകരിക്കുന്നില്ല എന്നത് വസ്തുതയാണ്. രണ്ട് വാർഡുകളിൽ ഹരിതകർമസേനാംഗങ്ങളുടെ ഒഴിവ് ഉണ്ട്. ഈ ഒഴിവ് നികത്തുന്നതിന് കമ്മിറ്റി ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ചാത്തനാട് ഭാഗത്ത് ക്യൂആർ കോഡ് സ്കാൻ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യം ഇല്ല എന്ന പ്രശ്നമുണ്ട്.

നേട്ടങ്ങൾ/ അവാർഡുകൾ

100% യൂസർ ഫീ കളക്റ്റ് ചെയ്ത 7,10,12 എന്നീ വാർഡുകളിലെ ഹരിതകർമ സേനാംഗങ്ങളെ ബ്ലോക്ക് തലത്തിൽ ആദരിച്ചിട്ടുണ്ട്.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1. അടിസ്ഥാന വിവരങ്ങൾ

നിലവിൽ ഒരു എംസിഎഫ് വാർഡ് 12- ഏഴിക്കരയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 5000 രൂപയാണ് പ്രതിമാസവാടക. ഇവിടേക്ക് റോഡ് സൗകര്യം ഉണ്ട്. നിലവിൽ എം.സി.എഫ് സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു. ടിപ്പിങ്ങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി

എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. ആർആർഎഫ് ഇല്ല. 14 വാർഡുകൾക്ക് 8 മിനി എം എസി എഫ് ആണ് ഉള്ളത്. ബാക്കി വാർഡുകൾക്ക് മിനി എംസിഎഫ് നിർമിക്കുന്നതിന് പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്.

**2. മാലിന്യ കൈമാറ്റ കാര്യക്ഷമത**

ഓരോ വാർഡിലേയും ഫീൽഡ് വർക്ക് കഴിഞ്ഞ ഉടൻ ശേഖരിച്ച മാലിന്യം മിനി എം.സി.എഫ് ലേയ്ക്ക് എത്തിക്കുന്നു. തുടർന്ന് ആ മാസം 20 -ാം തീയതി മുതൽ 30-ാം തീയതി വരെ ഒരു തവണയായി എം.സി.എഫിലേയ്ക്ക് എത്തിക്കുന്നു. ഹരിതകർമ്മസേനയുടെ മാലിന്യ നീക്ക പ്രവർത്തനങ്ങൾ ഹരിതമിത്രം ആപ്പ് വഴി ഉറപ്പ് വരുത്തുന്നു.

**3. മാലിന്യ സംഭരണ ശേഷി**

മാലിന്യം സംഭരിക്കുന്ന എം.സി.എഫ് ന് 896 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി 15 ദിവസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്. എം.സി.എഫ് ന്റെ ആകെ വിസ്തൃതിയിൽ ടിപ്പിങ്ങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷിനറി ഏരിയ, അന്തിമ സംഭരണ ഏരിയ എന്നിവയ്ക്ക് നിർദ്ദിഷ്ട തോതിലുള്ള ഏരിയ ലഭ്യമാണ്.

**4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, ഗംബൂട്ട്, തൊപ്പി, റെയ്ൻ കോട്ട് എന്നിവ വിതരണം ചെയ്യുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫയർ എസ്റ്റിംഗിഷർ സ്ഥാപിച്ചിട്ടുണ്ട്.

**5.ശുചിത്വ മാനദണ്ഡങ്ങൾ**

ജൈവമാലിന്യങ്ങൾ ഒന്നും തന്നെ എം.സി.എഫ് പരിസരത്തേയ്ക്ക് കൊണ്ട് വരാറില്ല. അജൈവ മാലിന്യങ്ങൾ പരമാവധി വേഗത്തിൽ തന്നെ ഏജൻസിയ്ക്ക് കൈമാറിവരുന്നു. മിനി എംസിഎഫ് , എംസിഎഫ് പരിസരം കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുന്നു.

**6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ**

2023-24 കാലയളവിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും മാലിന്യം കൈമാറുകയും ചെയ്യുന്നുണ്ട്. 1 വർഷമാണ് കരാർ കാലാവധി. വേർതിരിക്കാത്ത മാലിന്യം നീക്കം ചെയ്യുന്നതിന് കിലോഗ്രാമിന് 10.00 രൂപ നിരക്കിൽ ഏജൻസിക്ക് നൽകേണ്ടി വരുന്നു. വേർതിരിച്ച മാലിന്യം നല്കിയ ഇനത്തിൽ 42,318.75 രൂപ ഹരിത കർമസേനയ്ക്ക് ലഭിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ:**

1. ഭൂരിഭാഗം വീടുകളും മുഴുവൻ സ്ഥാപനങ്ങളും യൂസർഫീ നല്കി മാലിന്യ ശേഖരണത്തിൽ സഹകരിക്കുന്നുണ്ട്. എല്ലാ വാർഡുകളിലും 100 % ഭവനങ്ങളിലും യൂസർ ഫീ പിരിവ് നടത്തി മാലിന്യം ശേഖരിക്കുന്നതിനുള്ള ബോധവത്കരണം നടത്താവുന്നതാണ്.

2. പാതയോരങ്ങളും പൊതു ഇടങ്ങളും മാലിന്യരഹിതമായി സൂക്ഷിക്കുന്നതിന് പൊതുജനാവബോധം വളർത്തുന്നതിനായി ബോട്ടിൽ ബൂത്ത്, ബിന്നുകൾ എന്നിവ സ്ഥാപിക്കേണ്ടതാണ്.

**1-11 രസീത് പരിശോധന അപാകതകൾ**

2023-24 വർഷത്തെ ഫ്രണ്ട് ഓഫീസ് കളക്ഷൻ, ഔട്ട് ഡോർ കളക്ഷൻ, സ്റ്റോക്ക്, ഇക ഒടുക്കൽ എന്നിവ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഔട്ട്ഡോർ ശേഖരണത്തിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ എല്ലാ ദിവസവും നിശ്ചിത സമയത്ത് (3 Pm) കാഷ്യർക്ക് അവർ ശേഖരിച്ച പണം രസീത് ബുക്കുകളും കളക്ഷൻ ബുക്കും സഹിതം കൈമാറേണ്ടതാണ്. ആയതു പരിശോധിക്കാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുകയും (കേരള ഫിനാൻഷ്യൽ കോഡ് ചാപ്റ്റർ II (10 ) & KPA 49) ഓരോ ഔട്ട്ഡോർ കളക്ഷൻ ഓഫീസറുടെയും കളക്ഷൻ ബുക്കിലെ എൻട്രികളുടെ കുറഞ്ഞത് 10 ശതമാനം, നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ രസീതുകളുടെ കൗണ്ടർഫോയിലുകളെ പരാമർശിച്ച് രസീതുകളുടെ സീരിയൽ നമ്പർ സൂചിപ്പിക്കുന്ന കളക്ഷൻ ബുക്കുമായി സർട്ടിഫൈ ചെയ്യേണ്ടതാണ്. സെക്രട്ടറിയോ അംഗീകൃത ഉദ്യോഗസ്ഥനോ അത്തരം പരിശോധന നടത്തേണ്ടതാണ്.

2. ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളിൽ ഒഴികെ എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് ബുക്ക് പൂർണമായി ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നല്കാൻ പാടില്ലാത്തതാണ്. പുതിയ രസീത് ബുക്ക് നൽകുകയാണെങ്കിൽ കാരണം വ്യക്തമായി പുതിയ

രസീത് ബുക്കിൽ രേഖപെടുത്തേണ്ടതാണ്.

3. പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ (ജിഓ (എം.എസ്) നം. 83 /11/എൽ.എസ്.ജി.ഡി തീയതി. 28.03.11) പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന രസീത് സെക്രട്ടറി നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായിരിക്കേണ്ടതും അത് അക്കൗണ്ട്സ് മാന്വലിൽ നിർദേശിച്ച ഫോറത്തിൽ ഉള്ളതുമായിരിക്കണം. നിർവഹണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനുള്ള രസീത് ബുക്കുകൾ സെക്രട്ടറി അച്ചടിപ്പിച്ച് നൽകണം.

അപ്രകാരം പാലിച്ചതായി കാണുന്നില്ല, ന്യൂനതകൾക്ക വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.4/23.10.24, പ്രകാരം ആവശ്യപ്പെട്ടെങ്കിലും ചോദ്യത്തിന് അനുസൃതമായ മറുപടികൾ അല്ല ഹാജരാക്കിയിരിക്കുന്നത്. കളക്ഷൻ തുകകൾ കൃത്യമായി സെക്രട്ടറിയോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ വെരിഫൈ ചെയ്യേണ്ടതാണ്, ചട്ടപ്രകാരം പരാമർശ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

## 1-12 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് ആവശ്യകത

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും, വരുമാന ചോർച്ച ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായും വരുമാനം മെച്ചപ്പെടുത്തുന്നതിനായും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയിൽ (നം.9/24.10.24), വസ്തു നികുതി പരിഷ്കരണവുമായി ബന്ധപെട്ട് 22.03.2023 ലെ 77/2023. എൽ.എസ്.ജി.ഡി. നം. ഉത്തരവ് പ്രകാരം ഫീൽഡ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിസ്തീർണം അധികരിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് റെഗുലറൈസ് ചെയ്ത് ടാക്സ് ഈടാക്കി വരുന്നു എന്നും, ഒക്യുപെൻസി നൽകിയതിന് ശേഷമുള്ള എല്ലാ കെട്ടിടങ്ങളും ഫീൽഡ് പരിശോധനയിൽ അപാകതകൾ ശ്രദ്ധയിൽ പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. ആയതു പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 ലൈസൻസ് ഫീ -അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2023-24 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങളും (എൻക്വയറി നം.8/24.10.24)അവയ്ക്കു ലഭിച്ച മറുപടിയും താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ളതും മറ്റും 650 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നുണ്ട്. ഹരിതകർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം പഞ്ചായത്തിൽ 221 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2023-24 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 171 എണ്ണം മാത്രമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞതിൽ, ഭൂരിഭാഗം കെട്ടിടങ്ങളും പ്രവർത്തന രഹിതമാണെന്നും, ഹരിത കർമ്മ സേനയുടെ കണക്ക പ്രകാരമുള്ള 221 സ്ഥാപനങ്ങളിൽ 188 സ്ഥാപനങ്ങളാണ് യഥാർത്ഥത്തിൽ ലൈസൻസ് എടുക്കുവാൻ ഉള്ളത് എന്നും മറ്റുള്ളവ ലൈസൻസ് എടുക്കുന്നതിന്റെ പരിധിയിൽ വരാത്തതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസ് പരിധിയിൽ വരാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. മറുപടി പ്രകാരം 17 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. അവയെ കുറിച്ച് നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങളോ ലിസ്റ്റോ ലഭ്യമാക്കിയില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 171 സ്ഥാപനങ്ങളുടെ ഡിമാൻഡ് തന്നെ കളക്ഷൻ ആയി കാണിച്ചിരിക്കുന്നു. ആയതു ശരിയായ പ്രവണത അല്ല. കൃത്യമായി ലൈസൻസ് എടുക്കുവാൻ അരിയർ ഉള്ള സ്ഥാപനങ്ങളെ കണ്ടെത്തി അവ ലൈസൻസ് എടുക്കുന്നു ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ , അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി

സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് ഫീ അടവാക്കുന്നു എന്ന് ഉറപ്പാക്കാനാവുന്നില്ല. വർഷാവർഷം കാലികമാക്കിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി പ്രകാരം ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല.

3. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയും ക്രമ നം. 149, 132 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. കള്ള് ഷാപ്പുകൾ പഞ്ചായത് പരിധയിൽ പ്രവർത്തിക്കുന്നില്ല എന്നും റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ലൈസൻസ് എടുക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മറുപടി നൽകി, ആയവക്ക് ലൈസൻസ് എടുപ്പിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കൂടാതെ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ് സ്ഥാപനത്തിന് ലൈസൻസ് ഫീ ഇനത്തിൽ വരുമാന നഷ്ടം ഇല്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 സ്ട്രീറ്റ് ലൈറ്റ് മെയിൻറനൻസ് - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | എസ്.0007/24 |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | ₹480000 (കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | ബിൽ നമ്പർ 165,17/01/2024 ₹235480<br>ബിൽ നമ്പർ 287,26/03/2024 ₹179760 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

ഈ പ്രോജക്റ്റിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല. നൽകിയ തുകയ്ക്കുള്ള റിപ്പയർ വർക്കാണ് ചെയ്തിട്ടുള്ളത്. കരാറുകാരൻ സാധനസാമഗ്രികൾ വാങ്ങി റിപ്പയർ ചെയ്യുന്നതാണ് പ്രോജക്ട്. പ്രോജക്റ്റിന് താഴെ കാണുന്ന അപാകതകൾ കാണുന്നു. സ്റ്റോർ പർച്ചേസ് മാന്വൽ 2013, ജി.ഒ.(പി) നം. 03/13/എസ്.പി.ഡി തീയതി 21.06.2013 പ്രകാരം ടെണ്ടർ ഇല്ലാതെ കരാർ നൽകിയത് അപാകതയാണ്.

**1. കരാറിലെ വ്യവസ്ഥകൾ പ്രവൃത്തിയുമായി യോജിക്കുന്നില്ല.**

പ്രവൃത്തി നടത്തുന്നതിനായി ശ്രീ.ഹാരിസ് പി.എ. എന്ന വ്യക്തിയുമായി ഏർപ്പെട്ടിട്ടുള്ള നമ്പരോ തീയതിയോ രേഖപ്പെടുത്താത്ത ഒരു കരാർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിലെ വ്യവസ്ഥകൾ സാധാരണ ഒരു മരാമത്ത് പണി നടത്തുന്നതിന് വേണ്ടിയിട്ടുള്ളതാണ്. തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ എത്ര തെരുവിളക്കുകളാണുള്ളതെന്ന് സൂചിപ്പിക്കുന്നില്ല. തെരുവ് വിളക്ക് പരിപാലനത്തിനായും സാമഗ്രികൾക്കായും പ്രത്യേകം തുക നീക്കിവെച്ചിട്ടില്ല. രണ്ടു തവണകളായി ചില സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് നടത്തി എന്നല്ലാതെ എല്ലാ തെരുവു വിളക്കുകളുടേയും മെയിന്റനൻസ് നടത്തി എന്നും വ്യക്തമല്ല.

**2. മോണിട്ടറിങ്ങ് സമിതി റിപ്പോർട്ടില്ല.**

പ്രോജക്ട് നിർവ്വഹണത്തിന്റെ ഒരു ഘട്ടവും ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി വിലയിരുത്തി റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്തു എന്ന മാത്രമാണ്. എന്നാൽ മുടക്കം കൂടാതെ തെളിയുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/23-10-24 ക്ക് മേൽ സൂചിപ്പിച്ച രണ്ടു ഖണ്ഡികകളിലെ വിശദാംശങ്ങളിൽ മറുപടി ലഭിച്ചില്ല.

ടി അപാകതകൾ ഭാവിയിൽ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്, ₹70515 തടസ്സപ്പെടുത്തുന്നു

ഏഴിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2023-24 വർഷം നടപ്പാക്കിയ IKM വിഹിതം നൽകൽ പ്രോജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക് നം /തുക |
|---|---|---|---|---|
| 1 | S0003/23-24 | IKM വിഹിതം നൽകൽ | ₹70515/-വികസന ഫണ്ട് (പൊതുവിഭാഗം) | 23110352002500076029/ 19.05.2023 /₹70515 |
| | | | ആകെ | ₹70515 |

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/22-10-24 ന് ഐകെഎം കത്ത് നമ്പർ 762/എ7/ഐ.കെ.എം./2023 തീയതി. 26.09.23 പ്രകാരം 2022-23 സാമ്പത്തിക വർഷം വരെയുള്ള പ്രവർത്തന ഫണ്ട് ഇനത്തിലുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കും വരെ ₹70515 തടസ്സപ്പെടുത്തുന്നു.

**1-16 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി.പി)-അപാകത ₹15000 തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 39/24 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി.പി) |
| അടങ്കൽ | 20,00,000/- (എസ്.സി.പി. ഫണ്ട് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് വിവരം | 15,25,000/- |

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.സി.പി) എന്ന പ്രോജക്റ്റിൽ ₹1525000/- 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹75000/-(ബിൽനമ്പർ/തീയതി-24/26.03.2024) ബിൽ മാറിയതിൽ 8 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം. 115/22/എൽ.എസ്.ജി.ഡി. തീയതി. 28.05.2022ലെ മാർഗ്ഗരേഖ 7.2.4 പ്രകാരം പ്ലസ് ടു കഴിഞ്ഞതിന് ശേഷം മറ്റു സർക്കാർ അംഗീകൃത റഗുലർ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15000/-രൂപ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്. ഇതിൽ ₹15,000/- ആനുകൂല്യം ലഭിച്ച ഗോകുൽദാസ്. കെ.എസ് കുനത്തറ, കെടാമംഗലം വാർഡ്-2 എന്ന ഗുണഭോക്താവ് കേരള ഹോട്ടൽ & റെസ്റ്റോറന്റ് അസോസിയേഷൻ ഇൻഡസ്ട്രിയൽ ക്ലസ്റ്റർ എന്ന സ്ഥാപനത്തിലാണ് പഠിക്കുന്നതെന്ന് ലെറ്റർപാഡിൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. മേൽ സർട്ടിഫിക്കറ്റിൽ സ്ഥാപനം ഏത് മിനിസ്ട്രിയുടെ കീഴിലാണ് രജിസ്റ്റർ ചെയ്യപ്പെട്ടത് എന്ന് വ്യക്തമാക്കുന്ന രജിസ്ട്രേഷൻ നമ്പർ ഇടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഹാജരാക്കുന്നത് വരെ ചെലവ് തുക ₹15,000/-തടസ്സപ്പെടുത്തുന്നു.

**1-17 ഇ ടെണ്ടർ ഫീ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട്- ഇനം വ്യക്തമല്ലാത്ത തുക തിരിച്ചടയ്ക്കണം- ഇ ടെണ്ടർ കണക്കുകൾ കൃത്യമാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തണം.**

ഇ ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | പാസ്സ്ബുക്ക് പ്രകാരം 31/3/24 ലെ നീക്കിയിരിപ്പ് |
|---|---|---|
| എസ്ബിഐ നോർത്ത് പറവൂർ | 0000......4831 | 1,28,884 |

ഇ ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ആരംഭിച്ച ബാങ്ക് അക്കൗണ്ട് പ്രകാരം 31/3/24 ലെ നീക്കിയിരിപ്പ് 1,28,884 രൂപയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇടെണ്ടർ ഫീയിനത്തിൽ ലഭിച്ചിട്ടുള്ള തുക പഞ്ചായത്തിൽ അടയ്ക്കാൻ ബാക്കിയുള്ളത് | 8,685 (ഈ തുക 03/04/24 ൽ ഗ്രാമപഞ്ചായത്തിൽ അടച്ചു) |
| തനത് ഫണ്ട്, സിഎഫ്സി ഗ്രാന്റ് എന്നിവയിൽ നിന്നുള്ള വർക്ക് ബിൽ റിക്കവറീസ് | 51,545 |
| ഏതിനത്തിലുള്ള നീക്കിയിരിപ്പ് എന്ന് വ്യക്തമാകാത്ത തുക | 68,654 |
| ആകെ | 1,28,884 |

മേൽ അക്കൗണ്ടിന്റെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) 31/3/24 ലെ ബാലൻസ് ഷീറ്റിൽ "431300198 | റിസീവബിൾ ഫോർ അദർ ഫീ (കറന്റ്)" എന്ന ശീർഷകത്തിൽ തുകയൊന്നും കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. "431300199 | റിസീവബിൾ ഫോർ അദർ ഫീ (കുടിശ്ശിക)" എന്ന ശീർഷകത്തിൽ 600 രൂപ മാത്രമാണ് ലഭിയ്ക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത്. 31/3/24 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കണക്ക് പ്രകാരം അടയ്ക്കാനുള്ള ടെണ്ടർ ഫീ 8685 രൂപയാണ്. ടെണ്ടർ ഫീയിനത്തിൽ ലഭ്യമാകുന്ന തുക സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രതിമാസ റിപ്പോർട്ട് ലഭ്യമാക്കി ഈ തുക

വാർഷികകണക്കിൽ വരുമാനമായും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ളതായും രേഖപ്പെടുത്തൽ വരുത്തേണ്ടതും കൃത്യമായ ഇടവേളകളിൽ ഈ തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഈടാക്കേണ്ടതുമാണ്.

2) തനത് ഫണ്ടിൽ നിന്നും കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമുള്ള പ്രോജക്ടുകളിലെ റിക്കവറി തുകകൾ ഇടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് സെക്രട്ടറി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതായി കാണുന്നു. ഈയിനത്തിൽ 51,545 രൂപ ഇടെണ്ടർ ഫീ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്. നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭ്യമായ അലോട്ട്മെന്റ് തുകയിൽ നിന്നും കരാറുകാരന് തുക നല്കുന്നതിനായി തുക ക്രെഡിറ്റ് ചെയ്യേണ്ട കരാറുകാരന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, നിയമപരമായ കുറവുകൾ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അക്കൗണ്ട് നമ്പർ എന്നിവ രേഖപ്പെടുത്തിയാണ് ടി ആർ 59 ബിൽ തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിക്കുന്നത്. തനത് ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമായതിനാൽ ഇവയിൽ നിന്നും നേരിട്ട് ഗുണഭോക്താക്കൾക്ക് (ഡയറക്ട് ട്ട ബെനഫിഷ്യറി ) അതായത് കരാറുകാരനും നിയമപരമായ കിഴിവുകൾ അതാത് അക്കൗണ്ടുകളിലേയ്ക്കും സെക്രട്ടറിയ്ക്ക് നേരിട്ട് നല്കാവുന്നതാണ്. അതിന് പകരം വീണ്ടും അസിസ്റ്റന്റ് എഞ്ചിയനീയറുടെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുകയും പിന്നീട് അസിസ്റ്റന്റ് എഞ്ചിനീയർ തുക അതാത് അക്കൗണ്ടുകളിലേയ്ക്ക് വീണ്ടും മാറ്റുന്നതായി കാണുന്നു. സെക്രട്ടറി തുക അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുമ്പോൾ തന്നെ പഞ്ചായത്തിന്റെ കണക്കിൽ ഈയിനത്തിൽ അതാത് ശീർഷകത്തിൽ പേയ്മെന്റ് രേഖപ്പെടുത്തുന്നതാണ്. എന്നാൽ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക്/ട്രഷറി അക്കൗണ്ടിൽ ഇടരുന്ന അവസ്ഥ ഉണ്ടാകുന്നു. സർക്കുലർ നമ്പർ 01/21/ധനം തീയതി 4.1.21 ക്രമനമ്പർ 4 പ്രകാരമുള്ള നിർദ്ദേശത്തിന് വിധേയമായി റിക്കവറി തുകകളും നേരിട്ട് അതാത് ശീർഷകത്തിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറുന്നത് ഒഴിവാക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

3. ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പിലെ 68,654 രൂപയുടെ ഇനം വ്യക്തമല്ലാത്തതാണ്. ആയത് പരിശോധിക്കേണ്ടതും അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ചിട്ടുള്ള തുക ഏതുദ്ദേശ്യത്തിനാണോ ലഭിച്ചത് അതിന് വേണ്ടി ചെലവഴിക്കാവുന്നതും കാലാഹരണപ്പെട്ടിട്ടുണ്ടെങ്കിൽ തുക നല്കിയ ഏജൻസിയ്ക്ക് തിരികെ നല്കേണ്ടതോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 11 തീയതി 26/10/24,14 തീയതി 28/10/24, ഇതിന് ലഭിച്ച മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

**I-18 കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക നല്കുന്നതിന് പകരം പ്രോജക്റ്റ് ഭേദഗതി ചെയ്യാതെ തനത് ഫണ്ടിൽ നിന്നും തുക നല്കി**

താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾക്ക് വിഹിതം വെച്ചിരിക്കുന്നത് കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നാണ്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നല്കിയിരിക്കുന്നതും പദ്ധതി ചെലവുകൾ നിരീക്ഷിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറായ സുലേഖ യിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും ചെലവ് രേഖപ്പെടുത്തിയിരിക്കുന്നതും കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)വിഹിതത്തിൽ നിന്നാണ്. എന്നാൽ ചെലവ് തുകയ്ക്കുള്ള ചെക്ക് ഇഷ്യൂ ചെയ്തിരിക്കുന്നത് തനത് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് 85631....4406 ൽ നിന്നാണ്. കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് സൂക്ഷിക്കുന്ന കാനറ ബാങ്ക് അക്കൗണ്ടിൽ നിന്നല്ല. (അക്കൗണ്ട് നമ്പർ 0736....1018). വിശദവിവരം താഴെ ചേർത്തിരിക്കുന്നു.

| പ്രോജക്റ്റ് | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) അലോട്ട്മെന്റ് നമ്പർ & തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | പേയ്മെന്റ് ഡ്യൂ ആവുന്നതും റിക്കവറികൾ അടവാക്കാനുള്ളതുമായി ചേർത്ത ജേണൽ വൗച്ചർ നമ്പർ, തീയതി | അലോട്ട്മെന്റ് തുക/ജേണൽ വൗച്ചർ പ്രകാരം . ഗ്രോസ്സ് ചെലവ് തുക | കരാറുകാരന് തുക നല്കിയ വൗച്ചർ നമ്പർ | തനത് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിന്ന് കരാറുകാരന് തുക നല്കിയ ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|---|---|---|---|---|
| 110- പതിൽതരിശു | 65/16.08.23 | അസിസ്റ്റന്റ് എഞ്ചിനീയർ | 42300401/ 5.09.23 | 4,53,574 | 22300452/ 06.09.23 | 87951 | 05.09.23 | 4,37,282 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ലൈനിൽ കാന | | | | | | | | |
| 111-ആല്യങ്കൽ റോഡിൽ കാന | 69/17.08.23 | അസിസ്റ്റന്റ് എഞ്ചിനീയർ | 42300402/5.09.23 | 3,97,339 | 22300453/06.09.23 | 87951 | 05.09.23 | 3,82,999 |
| 99-ഹരിതകർമ സേനയ്ക്ക് ഉപയോഗിക്കാനുള്ള സാധനങ്ങൾ | 72/23.08.23 | വിഇഒ | 42300398/4.09.23 | 92,372 | 22300464/06.09.23 | 86499 | 05.09.23 | 92,372 |
| | | | | 9,43,285 | | | | 9,12,653 |

1. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാനായി 31/3/24 പ്രകാരം 13,83,258 രൂപ നീക്കിയിരിപ്പ് ഉണ്ടായിരിക്കെ പ്രോജക്റ്റ് ഭേദഗതി ചെയ്യാതെ തന്നെ തനത് ഫണ്ടിൽ നിന്നും 9,43,285 രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നല്കിയിരിക്കുന്നതും പദ്ധതി ചെലവുകൾ നിരീക്ഷിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറായ സുലേഖ യിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും ചെലവ് രേഖപ്പെടുത്തിയിരിക്കുന്നതും കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിഹിതത്തിൽ നിന്നാണ്. പ്രോജക്റ്റ് ഭേദഗതി ചെയ്യാതെ തന്നെ തനത് ഫണ്ടിൽ നിന്നും മേൽ തുക നല്കിയതിനും മേൽ പത്രികകളിൽ തെറ്റായി ചെലവ് ചെയ്ത ഗ്രാന്റ് രേഖപ്പെടുത്തിയതിനും കാരണം അറിയിക്കേണ്ടതാണ്. (തനത് ഫണ്ടിൽ നിന്നാണ് ചെക്ക് ഇഷ്യു ചെയ്തിരിക്കുന്നതും തനത് ഫണ്ടിന്റെ തന്നെ ബാങ്ക് ബുക്കിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നതും. ആയതിനാൽ തനത് ഫണ്ട്, കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ ഈ വ്യത്യാസം പ്രതിഫലിക്കുന്നില്ല) (ഖണ്ഡിക 1-4 ഗ്രാന്റ് വിനിയോഗം കൂടി കാണുക)

2. കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിലുണ്ടാകുന്ന കുറവ് അടുത്ത വർഷം ലഭിക്കുന്ന ഗ്രാന്റിനത്തിൽ ഷോർട്ട്ഫാൾ ആയി കുറവ് ചെയ്യാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ തനത് ഫണ്ട് വളരെ കുറവ് മാത്രം ഉള്ള പഞ്ചായത്ത് പ്രോജക്റ്റ് പ്രകാരം നീക്കിവെച്ച കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചത്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 15 തീയതി 28-10-24, മറുപടി ലഭിച്ചിട്ടില്ല)

### 1-19 ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ – ന്യൂനത

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | 5041/24, ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ (ഫണ്ട്) | 7,00,000/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 7,00,000/- |
| ബിൽ നം/തീയതി /തുക | 90322706/03.11.2023 /3,20,534 /-<br>90326997/04.01.24/ 3,48,732 /-<br>90333119/24.02.24 / 30,734 /- |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ആയുർവേദം, എഴിക്കര |

മേൽ പദ്ധതി പ്രകാരം ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം 7,00,000/-രൂപ ചിലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ താഴെ സൂചിപ്പിക്കുന്ന ന്യൂനത കാണുന്നു. മരുന്ന് വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നിശ്ചിത ഫോർമാറ്റിൽ ലഭ്യമാക്കിയിട്ടില്ല, സർട്ടിഫിക്കറ്റ് പ്രകാരം ലഭ്യമാക്കേണ്ട മരുന്നുകളുടെ വിശദാംശങ്ങൾ സൂചിപ്പിച്ചിട്ടില്ല, ആയതിനാൽ ആവശ്യമുള്ള മരുന്നുകൾ തന്നെയാണോ ലഭ്യമാക്കിയത് എന്ന് വ്യക്തമാകുന്നില്ല. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ജി.ഒ(എം.എസ്) 653/2017/ആ.കു.വ. തീയതി .14.03.2017 പ്രകാരമുള്ള ഫോർമാറ്റിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്, വിശദാംശങ്ങൾ നൽകുവാൻ ആവശ്യപ്പെട്ടതിനു (ഓഡിറ്റ് എൻക്വയറി നം.6/ 23.10.24) ജില്ലാ മെഡിക്കൽ ഓഫീസിൽ അറിയിച്ച് ലഭ്യമാക്കുന്നതാണെന്നും, സർട്ടിഫിക്കറ്റ് പ്രകാരം ലഭ്യമാക്കേണ്ട മരുന്നുകളുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയെങ്കിലും ആയത് ഹാജരാക്കി കാണുന്നില്ല.. പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-20 വെള്ളക്കരം-കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നു

ധനകാര്യപത്രികയിൽ 31-03.2024 തീയതിയിൽ ബാലൻസ് ഷീറ്റിൽ 350100903 എന്ന ഹെഡിൽ വെള്ളക്കരം ഇനത്തിൽ ₹4,12,43,200/- കുടിശ്ശിക കാണുന്നുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ പറവൂർ ഡിവിഷന്റെ

ഡിമാന്റ് നോട്ടീസ് നമ്പർ 80343 തീയതി 08/12/23 പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ പൊതുടാപ്പിന്റെ വെള്ളക്കരം ഡിമാന്റ് ചെയ്തിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| 30/11/23 വരെയുള്ള കടിശ്ശിക | 4,03,50,341 |
| ഫൈൻ | 7,91,482 |
| ഡിസംബർ 2023 ലെയുള്ള ഡിമാന്റ് | 1,67,429 |
| മറ്റ് ചാർജ്ജുകൾ | 0 |
| ആകെ | 4,13,09,252 |

നിലവിൽ എല്ലാ മാസവും ₹1,67,429/- വെള്ളക്കരം ഇനത്തിൽ അടവാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-13/2024/26.10.2024) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ വെള്ളക്കരം കുറയ്ക്കുന്നതിന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ടാപ്പുകളുടെ എണ്ണം കുറവ് വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിരുന്നു. വെള്ളക്കരം കുടിശ്ശിക ഒഴിവാക്കുന്നതിന് ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 7,24,878 | 64/24 പൊക്കാളി കൃഷി കൂലിചെലവ് | 7,24,878 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 7,60,000 | 61/24, ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 7,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 81,644 | 26/24, പാൽ വില സബ്സിഡി | 81,644 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 3,00,230 | 28/24, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3,00,230 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 1,00,000 | 60/24, പാലിയേറ്റീവ് കെയർ | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 6,60,000 | 30/24, ലൈഫ് ഭവന പദ്ധതി (ജനറൽ) | 6,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 1,00,000 | 27/24, അങ്കണവാടി പോഷകാഹാരം | 1,00,000 | 0 |
| ആകെ | | 27,26,752 | | 27,26,752 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,60,000 | 61/24, ലൈഫ് ഭവനം (പട്ടികജാതി) | 1,60,000 | 0 |
| ജില്ലാപഞ്ചായത്ത് | " | 2,40,000 | 61/24, ലൈഫ് ഭവനം (ജനറൽ) | 2,40,000 | 0 |
| ജില്ലാപഞ്ചായത്ത് | " | 1,79,000 | 28/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,79,000 | 0 |
| ജില്ലാപഞ്ചായത്ത് | " | 3,85,747 | 64/24 പൊക്കാളി കൃഷി കൂലിചെലവ് | 3,85,747 | 0 |
| ജില്ലാ പഞ്ചായത്ത് | " | 20,000 | 20/24, ഡയാലിസിസ് ധനസഹായം | 20,000 | 0 |
| ജില്ലാപഞ്ചായത്ത് | " | 7,55,000 | 39/24, എസ്‌സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 7,55,000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | " | 20,000 | 38/24, ടിഎസ് പി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 20,000 | 0 |
| ആകെ | | 17,59,747 | | 17,59,747 | 0 |
| കൊച്ചി കോർപ്പറേഷൻ | " | 17,41,769 | നഗരസഞ്ചയ പദ്ധതി | 17,34,502 | 7,267 |
| ആകെ | | 17,41,769 | | 17,34,502 | 7,267 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | കുറിപ്പ് |
|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 9/24 സ്ട്രീറ്റ് ലൈൻ വലിക്കൽ | 2230I105/ 30.03.24 | 2,28,250 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| ആകെ | | | 2,28,250 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പയെടുത്ത തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ (ലൈഫ് ഭവന പദ്ധതി) | സ.ഉ(സാധാ,) 124/18, ത.സ്വ.ഭ.വ, 11.09.2018 | - | 39,50,641 | 60,30,952 | 99,81,593 | 29,72,460 | 0 | 70,09,133 |

ജി.ഒ പ്രൊജക്ട് പ്രകാരം കറവ് ചെയ്തിരിക്കുന്നത് 29,72,460/-രൂപയാണ്. ഇതിന് പുറമെ വാർഷിക കണക്കിൽ വൗച്ചർ നമ്പർ 22301041 തീയതി. 18.3.24 പ്രകാരം 55രൂപ തെറ്റായി കറവ് ചെയ്ത് എൻട്രി രേഖപ്പെടുത്തിയിരിക്കുന്നു. ഇതു മൂലം ബാലൻഷീറ്റിൽ 55 രൂപ കറവാണ് ലോൺ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നത്. ആയത് ക്രമീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,90,15,444.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,28,61,555.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ | 0 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 85515 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 70515 | ശ്രീമതി മീന മാത്യു പി., സെക്രട്ടറി |
| 1-16 | 15000 | ശ്രീമതി വിജയശ്രീ പി.പി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 85515 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി മീന മാത്യു പി. സെക്രട്ടറി | സെക്രട്ടറി, എഴിക്കര ഗ്രാമപഞ്ചായത്ത് | ചെമ്മണ്ണൂർ ഹൗസ്, RLRA9B, വട്ടുതല |
| 2 | ശ്രീമതി വിജയശ്രീ പി.പി. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, എഴിക്കര ഗ്രാമപഞ്ചായത്ത് | വെങ്കാശ്ശേരി, ചെട്ടിക്കുളം, വട്ടപ്പറമ്പ് പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളൂ. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1997-98 ചെലവ് | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1998-99 ചെലവ് | എൽ.എഫ്.ഇ (പി2)852/05, തീയതി.26.5.06 |
| 1999-2000 ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2000-01 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2001-02 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03 വരവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2006-07 | എൽ.എഫ്.ഇ (പി2)719//07, തീയതി.30.01.08 |
| 2007-08 | എൽ.എഫ്.ഇ (പി2)11/09, തീയതി.07.09.09 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ(പി2)1842/11,തീയതി.23.11.11 |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13, തീയതി.16.08.13 |
| 2012-13 | എൽ.എഫ്.ഇ (പി10)24/15, തീയതി.11.02.15 |
| 2013-14&2014-15 | എൽ.എഫ്.ഇ (പി10)234/16, തീയതി.15.02.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.12)2056/2016, തീയതി 07.12.16 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.12)1893/2017, തീയതി 14.05.18 |

| | |
|---|---|
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി12)337/2019, തീയതി 05.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.12)140/2020 തീയതി 3.3.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി.12)1381/2021 തീയതി.06.01.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(പി.12)1382/2021 തീയതി.06.01.2022 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം(പി.12)209/2023 തീയതി.12.04.2023 |
| 2022-23 | കെ.എസ്.എ-ഇ.കെ.എം(പി12)/1711/23 തീയതി.15.12.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Ezhikkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ezhikkara Grama Panchayat as on 31-03-2024

Date: 14/11/2024

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Ezhikkara Grama Panchayat for the Year 2023-2024 .

1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

2.Other Observations

1) Basic ratios (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included in the annual financial statements.

2) The Demand Collection Balance of property tax is not reconciled with AFS and Sanchaya.

3) An amount of Rs. 6523/- directly Debited by bank, but the reason for the transaction has not mentioned properly.

4) Assets created from N.R.E.G.S. Fund is not accounted in AFS for the financial year 2023-24.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്